


# സ്വയം അശുദ്ധനാകാതെ ശുദ്ധനാക്കുന്നവൻ

നിയമ 13:12 – 18; ഏശയ്യ 41:8 – 16; ഗലാ 6:1 – 10; മത്തായി 8:23 – 34

ഡീ. ജോയിസ് ചേലച്ചുവട്ടിൽ

Vol. 12, Issue: 21

**ദി**വ്യകാരുണ്യ ഈശോയിൽ ഏറെ സ്നേഹിക്കപ്പെടുന്ന പ്രിയ വൈദികരേ, സഹോദരങ്ങളേ,

ചില കണ്ടുമുട്ടലുകൾ നമ്മുടെ ജീവിതത്തെ ആകെ മാറ്റി മറിക്കും. ചിലർ നമ്മുടെ ജീവിതത്തിൽ അത്ഭുതങ്ങൾ സൃഷ്ടിക്കും. 1950 - കളുടെ ആരംഭത്തിൽ നടന്ന ഒരു സംഭവം ഇങ്ങനെയാണ്: മദ്യപാനത്തിന് അടിമയായിരുന്ന ഒരു വൈദികൻ റോമിൽ ഉണ്ടായിരുന്നു. തുടർച്ചയായ ശാസനകളും താക്കീതുകളും ഒരു ഫലവും ഉണ്ടാക്കാതിരുന്നപ്പോൾ സഭ ആ മനുഷ്യനെ പൗരോഹിത്യശുശ്രൂഷകളിൽ നിന്നും കുറച്ചുകാലത്തേക്ക് അകറ്റിനിർത്തി. ശിക്ഷാനടപടികൾ നേരിട്ട ശേഷവും തന്റെ ജീവിതത്തിന് ഒരു മാറ്റവും വരുത്താതിരുന്ന അയാൾ പതിവുപോലെ ഒരു ദിവസം ബാറിൽ മദ്യപിച്ചുകൊണ്ടിരുന്നപ്പോൾ ഒരാൾ വന്നു പറഞ്ഞു, ടൂറിലെ പുതിയ ബിഷപ്പ് അച്ചനെ കാണാൻ പുറത്തുനിൽക്കുന്നുണ്ട്. തന്റെ പശ്ചാത്തലവും താൻ നേരിട്ടുകൊണ്ടിരിക്കുന്ന ശിക്ഷാനടപടികളും അറിയാവുന്ന ആരൊക്കെയോ തന്നെ കബളിപ്പിക്കാൻ ശ്രമിക്കുന്നതാണെന്ന് തോന്നിയതുകൊണ്ട് അയാൾ അത് ശ്രദ്ധിച്ചില്ല. പിന്നീട് പലരും അദ്ദേഹത്തിന്റെ അടുക്കൽ വന്ന് ഇതു തന്നെ പറഞ്ഞു, പുതിയ ബിഷപ്പ് കാത്തുനിൽക്കുന്നുണ്ട്. എന്നാൽ അവരും തന്നെ പറ്റിക്കുകയാണെന്നാണ് അദ്ദേഹം കരുതിയത്. അപ്പോൾ ഒരു കൈ അദ്ദേഹത്തിന്റെ തോളത്തു തട്ടി; ടൂറിലെ പുതിയ മെത്രാൻ. പുറത്തേക്ക് വരൂ എന്നു പറഞ്ഞ് മെത്രാൻ ആ വൈദികനെയും കൂട്ടി കത്തീഡ്രൽ ദൈവാലയത്തിലേക്ക് നടന്നു. ദേവാലയത്തിൽ പ്രവേശിച്ച ശേഷം ഒരു ഊറാറ ആ വൈദികന്റെ കൈയ്യിൽ കൊടുത്തുകൊണ്ട് മെത്രാൻ പറഞ്ഞു: "താങ്കൾ എന്റെ കുമ്പസാരം കേൾക്കണം." കുമ്പസാരക്കൂട്ടിൽ കണ്ണുനീരിന്റെ ഉറവ പൊട്ടി, അനുതാപിയിൽ നിന്നല്ല, വൈദികനിൽ നിന്ന്. ആ വൈദികൻ മാനസാന്തരപ്പെട്ടു. ഈ സംഭവത്തിലെ ബിഷപ്പിന്റെ പേര് ആഞ്ചലോ റൊൻകാളി എന്നായിരുന്നു. അദ്ദേഹമാണ് പിന്നീട് ജോൺ 23 - ാമൻ എന്ന പേര് സ്വീകരിച്ച് മാർപാപ്പായി തിരുസഭയെ നയിച്ചത്. പാപിയെ അവന്റെ ജീവിതസാഹചര്യങ്ങളിലേക്ക് ഇറങ്ങിച്ചെന്ന്, അവനെ ഉയർത്തിക്കൊണ്ടുവരാൻ റൊൻകാളി എന്ന മെത്രാനെ പ്രേരിപ്പിച്ചത് ക്രിസ്തുവിന്റെ മാതൃക തന്നെയായിരിക്കണം.

ക്രിസ്തുവിന്റെ കൂട്ട് എന്നും പാപികളോടും സമൂഹം പാപികളെന്ന് മുദ്ര കുത്തിയവരോടുമായിരുന്നു. സക്കേവൂസിന്റെ ഭവനത്തിലേക്ക് അവൻ നടന്നുകയറിയപ്പോഴും ചുങ്കക്കാരനായ ലേവിയെ തന്റെ ശിഷ്യനായി തിരഞ്ഞെടുത്തപ്പോഴും പാപികളോടൊപ്പം ചുറ്റിസഞ്ചരിച്ചപ്പോഴും സമൂഹത്തിലെ പ്രമുഖർ അവനെ കുറ്റപ്പെടുത്തിക്കൊണ്ട് അവന്റെ ശിഷ്യന്മാരോട് ചോദിച്ചു, എന്തേ നിങ്ങളുടെ ഗുരു പാപികളോടൊപ്പം നടന്ന് സ്വയം അശുദ്ധനാകുന്നു.

പഴയ നിയമത്തിലൂടെ ഒന്ന് കണ്ണോടിക്കുമ്പോൾ ശുദ്ധിയുമായി ബന്ധപ്പെട്ട ഒരുപാട് നിയമങ്ങൾ നാം കാണുന്നുണ്ട്. കാരണം ദൈവം പരിശുദ്ധനാണ്. പരിശുദ്ധി തന്നെയായ ദൈവത്തിനു മുമ്പിൽ വ്യാപരിക്കണമെങ്കിൽ ജനവും പരിശുദ്ധരായിരിക്കണം. ലേവ്യരുടെ പുസ്തകത്തിലുടനീളം ദൈവീകപരിശുദ്ധിയോട് ചേർന്നുനിൽക്കാൻ ഇസ്രായേലിനുണ്ടായിരിക്കേണ്ട വിശുദ്ധിയെപ്പറ്റിയാണ് പറഞ്ഞുവയ്ക്കുക. ദേവാലയത്തിൽ മ്ലേച്ഛത നിറയുമ്പോൾ ദേവാലയം വിട്ടുപോകുന്ന ദൈവമഹത്വത്തെപ്പറ്റി എസെക്കിയേൽ പ്രവാചകൻ

പറയുമ്പോൾ, അശുദ്ധിയോട് അസഹിഷ്ണുവായ ദൈവത്തിന്റെ ചിത്രമാണ് അത് നമുക്ക് പകർന്നു നൽകുക. അങ്ങനെയെങ്കിൽ, നിയമജ്ഞരുടെയും ഫരിസേയരുടെയും യഹൂദപ്രമാണികളുടെയും ചോദ്യം വളരെ പ്രസക്തമാണ്. എന്തേ ക്രിസ്തു പാപികളോടൊപ്പം നടന്ന് സ്വയം അശുദ്ധനാകുന്നു. ദൈവം അശുദ്ധിയോട് അസഹിഷ്ണുവെങ്കിൽ ദൈവം തന്നെയായ പുത്രൻ, ക്രിസ്തു എന്തേ പാപികളോടൊപ്പം നടന്ന് സ്വയം അശുദ്ധനാകുന്നു. അതിനുള്ള ഉത്തരം ഇത്രമാത്രം, പാപത്തെ അവൻ വെറുത്തു; പാപിയെയാകട്ടെ അവൻ സ്നേഹിച്ചു.

യഹൂദപാരമ്പര്യമനുസരിച്ച് കടൽ തിന്മയുടെയും അശുദ്ധിയുടെയും ഇടമാണ്. ശവകുടീരവും പന്നിയുമെല്ലാം അശുദ്ധിയുടെ പ്രതീകങ്ങളാണ്. വിജാതീയരുടെ നാട് അശുദ്ധമായ നാടാണ്. ഇന്നത്തെ വചനത്തിൽ നാം കണ്ടുമുട്ടുന്ന പിശാചുബാധിതർ ഇവയ്ക്കെല്ലാം മദ്ധ്യേയാണ് ജീവിക്കുന്നത്. വിജാതീയരുടെ നാടും, കടലും, പന്നിയും, ശവകുടീരവുമൊക്കെ അവർക്കു ചുറ്റും നിറഞ്ഞുനിൽക്കുന്ന അശുദ്ധിയുടെ ആധിക്യത്തെയാണ് സൂചിപ്പിക്കുന്നത്. എന്നാൽ നിറഞ്ഞുനിൽക്കുന്ന അശുദ്ധിയുടെ മദ്ധ്യത്തിലേക്കും അൽപം പോലും മടിക്കാതെ ക്രിസ്തു ഇറങ്ങിച്ചെല്ലുന്നു. അവർക്ക് സൗഖ്യം പകരുന്നു. ശുദ്ധത പകരുന്നു.

സമൂഹം കൽപിച്ചുകൊടുത്ത അശുദ്ധിയുടെ അതിർവരമ്പുകളിൽ ഒതുങ്ങിക്കൂടിയ പിശാചുബാധിതരെ, അവർ ആയിരിക്കുന്ന അവസ്ഥയിൽ തേടിച്ചെന്ന് ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തിയ ക്രിസ്തുവിന്റെ മനോഭാവം ഉള്ളിന്റെയുള്ളിൽ സ്വാംശീകരിക്കാൻ ഒരു ക്രിസ്തുശിഷ്യനെന്ന നിലയിൽ നമുക്കോരോരുത്തർക്കും സാധിച്ചിട്ടുണ്ടോ എന്ന ചോദ്യം ഏറെ പ്രസക്തമാണ്. നാം ആയിരിക്കുന്ന സമൂഹത്തിലുള്ളവർ എത്രയേറെ കുറവുകളും പോരായ്മകളും ഉള്ളവർ ആയിക്കൊള്ളട്ടെ, അവരെയെല്ലാം സ്നേഹിക്കാനും ചേർത്തുപിടിക്കാനും നമുക്ക് കഴിയണം. എന്നാൽ, അതുകൊണ്ടു മാത്രം ഒരു ക്രിസ്തുശിഷ്യന്റെ ദൗത്യം അവസാനിക്കുന്നില്ല. ക്രിസ്തുവിനേപ്പോലെ സൗഖ്യദായകനായി മാറാനും അവന് കഴിയണം. അതിന് കഴിയണമെങ്കിൽ നമ്മുടെ ജീവിതത്തെ പരിപാലിക്കുന്ന ദൈവികസാന്നിദ്ധ്യത്തെപ്പറ്റി നാം ബോധവാന്മാരാകണം.

ഗദറായ ദേശത്തേക്കുള്ള യേശുവിന്റെയും ശിഷ്യരുടെയും യാത്ര കടലിലൂടെയാണ്. ആ സമയത്ത് ഉണ്ടാകുന്ന കടൽക്ഷോഭത്തെ ദൈവപുത്രനെതിരായ തിന്മയുടെ ഭീഷണിപ്പെടുത്തലായിട്ടാണ് ബൈബിൾ പണ്ഡിതർ വ്യാഖ്യാനിക്കുന്നത്. സ്നേഹമുള്ളവരെ ഇതുപോലെ നന്മ ചെയ്യാൻ വേണ്ടിയുള്ള നമ്മുടെ യാത്രകളിൽ എല്ലാ പ്രതിസന്ധികളും പ്രലോഭനങ്ങളും നമുക്ക് അകമ്പടിയായി ഉണ്ടായിരിക്കും അപ്പോൾ നമുക്ക് ഉണ്ടാകുന്ന പ്രതികരണവും ഈ ശിഷ്യന്മാരുടെ പ്രതികരണം പോലെ തന്നെയല്ലേ. ദൈവികസാന്നിധ്യത്തെപ്പറ്റി ബോധവാന്മാരാകാതെ നാം മുറുമുറുത്തു കൊണ്ടിരിക്കും, ക്രിസ്തുവിന് എന്റെ കാര്യത്തിൽ ശ്രദ്ധയില്ല എന്ന്. കോവിഡിന്റെ സാഹചര്യമാണെങ്കിൽ പോലും നമ്മൾ പള്ളിയിൽ വരുന്നു അല്ലെങ്കിൽ ഓൺലൈനിൽ കുർബാനയിൽ പങ്കുകൊള്ളുന്നു, വചനപ്രഘോഷണങ്ങൾ കേൾക്കുന്നു, അങ്ങനെ ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ആഴപ്പെടുന്നു എന്നാൽ ജീവിതത്തിൽ പ്രതിസന്ധികളും രോഗങ്ങളും ഒറ്റപ്പെടലുകളും ഒക്കെ വലിയ കൊടുങ്കാറ്റായി ആഞ്ഞുവീശുമ്പോൾ നമ്മുടെ ജീവിതത്തോണി ആടിയുലയുമ്പോൾ നമ്മുടെ കൂടെയുള്ള ക്രിസ്തുസാന്നിധ്യത്തെ നാം തിരിച്ചറിയുന്നുണ്ടോ? ഫ്രാൻസിസ് മാർപാപ്പ ഈ വചനഭാഗത്ത് നൽകുന്ന വ്യാഖ്യാനം വളരെ ശ്രദ്ധാർഹമാണ്. കാറ്റിലും തിരമാലകളിലുമാടിയുലഞ്ഞ ശിഷ്യന്മാർ യേശുവിനെ ഉണർത്തുന്നത് "കർത്താവേ, രക്ഷിക്കണേ ഇതാ ഞങ്ങൾ നശിക്കുന്നു" എന്നുപറഞ്ഞാണ് ക്രിസ്തുവിന് തങ്ങളെ രക്ഷിക്കാൻ സാധിക്കുമെന്ന അവരുടെ വിശ്വാസത്തെയാണ് ഇത് സൂചിപ്പിക്കുന്നതെങ്കിലും തങ്ങളുടെ കാര്യത്തിൽ യേശു ശ്രദ്ധാലുവാണോ എന്നതാണ് അവരുടെ ഭയത്തിനു കാരണം. പിശാചുബാധിതരായ ഗദറായകരുടെ ജീവിതത്തിൽ അവർ പോലും ആവശ്യപ്പെടാതെ യേശു ഇടപെട്ടതുപോലെ നമ്മുടെ ആവശ്യങ്ങൾ നാം പറയാതെ തന്നെ അറിയുന്നവനാണ് നമ്മുടെ ദൈവം. സങ്കീർത്തനം 3:5 - ൽ പറയുന്നു: "ഞാൻ ശാന്തമായി കിടന്നുറങ്ങുന്നു; ഉണർന്ന് എഴുന്നേൽക്കുന്നു. എന്തെന്നാൽ ഞാൻ കർത്താവിന്റെ കൈകളിലാണ്." ഓരോ ക്രിസ്തുശിഷ്യനും തങ്ങളുടെ ജീവിതത്തിലെ വിവിധങ്ങളായ സാഹചര്യങ്ങളിൽ കാത്തുസൂക്ഷിക്കേണ്ട വലിയ ദൈവികസാന്നിധ്യവബോധത്തിന്റെ പ്രാധാന്യത്തെപ്പറ്റിയാണ് ഈ സംഭവം നമ്മെ ഓർമ്മിപ്പിക്കുക.

അശുദ്ധി നിറഞ്ഞുനിന്ന സാഹചര്യങ്ങളിലും സ്വയം അശുദ്ധനാകാതെ പിശാചുബാധിതരെ ശുദ്ധരാക്കാൻ തക്ക ശക്തി ക്രിസ്തുസാന്നിധ്യത്തിനും അവന്റെ വചനത്തിനും ഉണ്ടായിരുന്നു. വിജാതിയരുടെ നാടും കടലും പന്നിയും ശവകുടീരവുമൊക്കെ ഇന്നത്തെ സുവിശേഷത്തിൽ അശുദ്ധിയുടെ പ്രതീകങ്ങളാണെങ്കിൽ നാം ആയിരിക്കുന്ന ഇന്നത്തെ ലോകത്തിൽ നമ്മെ ചൂഴ്ന്നുനിൽക്കുന്ന തിന്മയുടെ സാഹചര്യങ്ങൾ തികച്ചും വ്യത്യസ്തമായ മുഖങ്ങളിലായിരിക്കും പ്രത്യക്ഷപ്പെടുക. അത് ഒരുപക്ഷേ, മാധ്യമങ്ങളുടെ രൂപത്തിലായിരിക്കാം, സമ്പത്തിന്റെ രൂപത്തിലായിരിക്കാം, അതുമല്ലെങ്കിൽ ഈ ലോകത്തിൽ തിങ്ങിനിൽക്കുന്ന കപടതയുടെ രൂപത്തിലായിരിക്കാം. ഈ സാഹചര്യങ്ങളിലും ക്രിസ്തുവിനെപ്പോലെ ഇറങ്ങിച്ചെല്ലാൻ നമുക്ക് കഴിയണം. ഈ സാഹചര്യങ്ങൾക്കുള്ളിൽ ജീവിക്കുമ്പോഴും സ്വയം അശുദ്ധനാകാതെ ആത്മാക്കളെ വിശുദ്ധീകരിക്കുവാനുള്ള നമ്മുടെ ദൗത്യം വിജയപ്രദമാകണമെങ്കിൽ നമ്മുടെ ഉള്ളിൽ ക്രിസ്തുസാന്നിധ്യാവബോധവും നമ്മുടെ അധരങ്ങളിൽ അവന്റെ വചനവും അനിവാര്യമാണ്. അനുദിനം ദിവ്യകാരുണ്യത്തിൽ ഉൾക്കൊള്ളുന്ന ക്രിസ്തുസാന്നിധ്യത്തെ ദിവസം മുഴുവനും കെടാതെ കാക്കുന്നതിനും വചനവായനയിലൂടെ അതിനെ ഉജ്ജ്വലിപ്പിക്കാനും നമുക്കോരോരുത്തർക്കും കഴിയട്ടെ. അപ്പോൾ നാം മറ്റുള്ളവരുടെ ജീവിതത്തിലേക്ക് ഇറങ്ങിച്ചെല്ലുമ്പോൾ അവിടെ അത്ഭുതങ്ങൾ സൃഷ്ടിക്കാൻ നമുക്ക് കഴിയും. അതിനുള്ള നമ്മുടെ പരിശ്രമങ്ങളിൽ നല്ല ദൈവം നമ്മെ ശക്തിപ്പെടുത്തട്ടെ, അനുഗ്രഹിക്കട്ടെ.

നിത്യം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, ആമ്മേൻ.